# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 10/ 02/ 2021


## വൃദ്ധയായ മാതാവിനെ കൊലപ്പെടുത്തിയ മകനേയും മരുമകളേയും അറസ്റ്റ് ചെയ്തു

കൊല്ലം : തെക്കുംഭാഗം ഞാറമ്മൂട്ടിൽ അമ്മയെ കൊലപ്പെടുത്തിയ മകനേയും മരുമകളെയും പോലീസ് അറസ്റ്റ് ചെയ്തു. തെക്കുംഭാഗം ഞാറമ്മൂട് കിഴക്കുമുറി പടിഞ്ഞാറ്റതിൽ വീട്ടിൽ രാജേഷ്, ഭാര്യ ശാന്തിനി എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ 01.02.2021 തിങ്കളാഴ്ച




പുലർച്ചേ വീട്ടിനുള്ളിൽ മരിച്ച നിലയിൽ കാണപ്പെട്ട തെക്കുംഭാഗം ഞാറമ്മൂട് കിഴക്കുമുറി പടിഞ്ഞാറ്റതിൽ വീട്ടിൽ ദേവകി(75) യുടെ മരണമാണ് കൊലപാതകമാണെന്ന് വിദഗ്ദാന്വേഷണത്തിൽ തെളിഞ്ഞത്. അസ്വാഭാവിക മരണത്തിന് കേസെടുത്ത പോലീസ് പാരിപ്പള്ളി മെഡിക്കൽ കോളേജിൽ നടത്തിയ പോസ്റ്റ്മോർട്ടം പരിശോധനയിലാണ് കഴുത്തിൽ ബലം പ്രയോഗിച്ച് ശ്വാസം മുട്ടിയാണ് മരണം സംഭവിച്ചതെന്ന് അറിവായത്. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് വൃദ്ധയുടെ മകനായ രാജേഷും മരുമകൾ ശാന്തിനിയും പോലീസ് പിടിയിലായത്. അമ്മയുമായി സ്വത്ത് തർക്കത്തിലായിരുന്ന മകൻ വീടും പുരയിടവും കൈക്കലാക്കുന്നതിന് വേണ്ടിയാണ് ഭാര്യയുടെ സഹായത്തോടെ കൃത്യം ചെയ്തത്. മരണം സ്വാഭാവികമാണെന്ന് വാദിച്ച് അറസ്റ്റിനെ ചെറുക്കാൻ ശ്രമിച്ചുവെങ്കിലും ശാസ്ത്രീയമായ അന്വേഷണങ്ങളും തെളിവുകളും നിരത്തി പോലീസ് വെവ്വേറെ നടത്തിയ ചോദ്യം ചെയ്യലിൽ പ്രതികൾ കുറ്റം സമ്മതിക്കുകയായിരുന്നു. കരുനാഗപ്പള്ളി എ.സി.പി സജീവ്. കെ യുടെ നേതൃത്വത്തിൽ തെക്കുംഭാഗം ഇൻസ്പെക്ടർ ആർ. രാജേഷ്കുമാർ, എസ്സ്.ഐ മാരായ സുജാതൻപിള്ള.എം, പി.വി.വിജയകുമാർ, എ.എസ്സ്.ഐമാരായ ഷാജിമോൻ, ശ്രീകുമാർ, സജികുമാർ, സന്തോഷ്, ഹരികൃഷ്ണൻ, സി.പി.ഓ നസീറ, സ്പെഷ്യൽ ബ്രാഞ്ച് എസ്സ്.ഐ സുരേഷ്കുമാർ എന്നിവരടങ്ങുന്ന പ്രത്യേക സംഘമാണ് പ്രതികളെ പിടികൂടിയത്. പ്രതികളെ റിമാന്റ് ചെയ്തു.